ജിന്ന: അവർ പറഞ്ഞതും അമ്മ പറഞ്ഞതും

"ആരാണീ ജിന്ന? നിൻറെ ആരാണയാൾ? അമ്മാവനോ?", വർഷങ്ങളായി എൻറെ മുറിയിൽ സൂക്ഷിച്ചിരുന്ന ജിന്നയുടെ ചിത്രം വീട്ടിൽ നിന്നും ഒഴിവാക്കണം എന്നാവശ്യപ്പെട്ടു കൊണ്ട് അമ്മ ചോദിച്ചു

Nirupama Subramanian May 20, 2018



മുഹമ്മദ് അലി ജിന്ന, ചിത്രം. ഇൻസ്റ്റാഗ്രാം

“നിൻറെ മുറിയിലെ ആ ഫൊട്ടോ നീ എന്ത് ചെയ്യാൻ പോകുന്നു?”, അടുത്തിടെ വീട്ടിൽ പോയപ്പോൾ അമ്മ ചോദിച്ചു.
അൽപ്പം നീരസമുണ്ടായിരുന്നു ശബ്ദത്തിൽ.

“ഏതു ഫൊട്ടോ?” ഊഹിക്കാമെങ്കിലും ഞാൻ വെറുതേ ചോദിച്ചു.

“ജിന്നയുടേത്, കറുത്ത സൂട്ടിട്ട്, രണ്ടു വളർത്തു നായ്ക്കളുമായി, ചുണ്ടിൽ ഒരു സിഗരറ്റും പിടിച്ചു നിൽക്കുന്നത്,” 86 വയസ്സുകാരിയായ അമ്മ പറഞ്ഞു.

“വർഷങ്ങളായി അവിടെയുള്ള ഒരു പടമല്ലേ അത്, ഇപ്പോൾ എന്താണമ്മ ഇങ്ങനെ ചോദിക്കുന്നത്?” എന്നായി ഞാൻ.

> **“എന്താണ് ചോദിക്കുന്നതെന്നോ? അലിഗഡ് മുസ്ലിം സർവ്വകലാശാലയിൽ എന്താണ് സംഭവിക്കുന്നത് എന്ന് കാണുന്നില്ലേ? പത്തു വർഷങ്ങൾക്ക് മുൻപ് ആ ചിത്രം നിരുപദ്രവകരമായ ഒന്നായിരുന്നു, ഇപ്പോൾ അതൊരു സ്ഫോടകവസ്തുവാണ്.”**

“അയ്യോ അതൊക്കെ കർണാടക തെരഞ്ഞെടുപ്പിന് വേണ്ടി ഉണ്ടാക്കിയ വെറും വിവാദമല്ലേ അമ്മേ. മാത്രമല്ല ഇത് നമ്മുടെ സ്വന്തം വീടാണ്, ഇവിടെ നമുക്ക് ആരുടെ ചിത്രം വേണമെങ്കിലും വയ്ക്കാനുള്ള അവകാശമുണ്ട്.”

“ഇക്കാലത്ത് അങ്ങനെയൊന്നും പറയാൻ പറ്റില്ല, നമ്മുടെ വീടൊക്കെ അവർ റെയ്ഡ് ചെയ്തു തുടങ്ങിയാലോ? കുറച്ചു ദിവസങ്ങൾക്ക് മുൻപ് ആരുടേയോ ഫ്രിഡ്ജ് അവർ റെയ്ഡ് ചെയ്തില്ലേ, ബീഫുണ്ടോ എന്ന് നോക്കാൻ. നിന്നെയാണെങ്കിൽ അവർ നോക്കി വച്ചിട്ടുമുണ്ട്. ഇന്ത്യയും പാകിസ്താനും സൗഹൃദത്തിലാവണം എന്ന് നീ ഇപ്പോഴും എഴുതുന്നത് കൊണ്ട്.”

ഇംഗ്ലീഷിൽ വായിക്കാം: Jinnah In My Room

“അമ്മ വെറുതെ ഓവർ റിയാക്റ്റ് ചെയ്യുകയാണ്,” ഞാൻ പറഞ്ഞു.

“അല്ല, അല്ലെങ്കിലും ആരാണീ ജിന്ന? നിൻറെ ആരാണയാൾ? അമ്മാവനോ?”

“ആ ഫൊട്ടോ എൻറെ ചരിത്രത്തിൻറെ ഭാഗമാണമ്മേ.”

“നെഹ്റുവിൻറെയോ ഗാന്ധിയുടേയോ ഒരു ചിത്രമെങ്കിലുമുണ്ടോ നിൻറെ

കൈയ്യിൽ? എന്താ അവർ നിൻറെ ചരിത്രത്തിൻറെ ഭാഗമല്ലേ? അവരുടെ ചിത്രങ്ങളാണ് നീ വയ്ക്കേണ്ടത്, അല്ലാതെ ജിന്നയുടേതല്ല."

> **"രാജ്യത്തിൻറെ ചരിത്രത്തെക്കുറിച്ചല്ല ഞാൻ സംസാരിക്കുന്നത്. അതും ഉണ്ടെന്നിരിക്കെത്തന്നെ, എൻറെ ചരിത്രത്തെക്കുറിച്ച്, എൻറെ ജോലിയുടെ ചരിത്രത്തെക്കുറിച്ചാണ് ഞാൻ സംസാരിക്കുന്നത്. ഈ ചിത്രം എനിക്ക് പാകിസ്താനിലെ ഒരു പ്രമുഖ വ്യക്തി സമ്മാനമായി തന്നതാണ്."**

"സമ്മാനമോ, വേറെയെന്തെങ്കിലും നിനക്ക് തരുന്നതിനെക്കുറിച്ച് ആലോചിക്കാമായിരുന്നില്ലേ ഈ പ്രമുഖ വ്യക്തിക്ക്?"

"മതനിരപേക്ഷത ഉയർത്തിപ്പിടിച്ചിരുന്ന ഒരാളാണ് പാകിസ്താൻറെ സ്ഥാപകൻ എന്ന് അവിടുത്തെ ജനതയോട് എന്നും പറഞ്ഞിരുന്ന ഒരാളാണ് എനിക്കിത് തന്നത്."

"എന്ത് മതനിരപേക്ഷത? മതനിരപേക്ഷത കൊണ്ടാണോ ജിന്ന വിഭജനത്തിലേക്കും അത് വഴി വന്ന രക്തച്ചൊരിച്ചിലിലേയ്ക്കും ആ രാജ്യത്തെ നയിച്ചത്?"

"അക്കാര്യങ്ങളൊക്കെ അമ്മ വിചാരിക്കുന്നതിലും കൂടുതൽ സങ്കീർണ്ണമാണമ്മേ."

"അതിരിക്കട്ടെ, ആരാണീ പ്രമുഖ വ്യക്തി?"

"അർദേഷിർ കോവാസ്ജീ. 'ദി ഡോൺ' എന്ന പത്രത്തിൻറെ കോളമിസ്റ്റ് ആയിരുന്നു. ജിന്നയെക്കുറിച്ചും 'പാകിസ്ഥാനിൽ എല്ലാവർക്കും അവരവരുടെ മതങ്ങൾ അനുഷ്ഠിക്കാനുള്ള അവകാശമുണ്ട്' എന്ന് ജിന്ന പറഞ്ഞതിനെക്കുറിച്ചും മരണപ്പെടുന്ന ദിവസം വരെ എഴുതിയ ആളാണദ്ദേഹം. കറാച്ചിയിലെ വീട്ടിൽ ഞാൻ പോയപ്പോൾ എനിക്ക് അദ്ദേഹം ജിന്നയുടെ രണ്ടു പോസ്റ്ററുകൾ തന്നു. ഒന്ന് എനിക്ക് സൂക്ഷിക്കാം എന്നും മറ്റേത് ഇഷ്ടമുള്ളവർക്ക് കൊടുക്കാം എന്നും പറഞ്ഞു. ഇങ്ങനെയുള്ള ജിന്നയുടെ ഒരു ചിത്രം (സൂട്ട് ധരിച്ച്, സിഗരറ്റ് പിടിച്ച്,

വളർത്തുനായ്ക്കളുമായി നിൽക്കുന്ന ചിത്രം) 'ഷെയർ' ചെയ്യപ്പെടേണ്ടത് പ്രധാനമാണ് എന്നും, അതുവഴി മാത്രമേ ജിന്ന ഒരു 'ഫണ്ടോ' (മതമൗലികവാദി) ആയിരുന്നില്ല എന്ന് ലോകം അറിയുകയുള്ളൂ അദ്ദേഹം കൂട്ടിച്ചേർത്തു," ഞാൻ അമ്മയോട് വിവരിച്ചു.

> **"ഓഹോ അപ്പോൾ മറ്റൊരു പടം കൂടിയുണ്ടോ നിൻറെ കൈവശം?" അമ്മയുടെ ശബ്ദമുയർന്നു.**

"ഇല്ല, പാകിസ്താനിൽ നിന്നും മടങ്ങുന്നതിന് മുൻപ് ഞാനത് അവിടെയുള്ള ഒരു സുഹൃത്തിനു കൊടുത്തു."

"അത് നന്നായി. ഇനി നമ്മൾ ആദ്യം സംസാരിച്ച വിഷയത്തിലേക്ക് മടങ്ങി വരാം. പടം എവിടെക്കൊണ്ട് കളയാനാണ് പ്ലാൻ?"

"അമ്മയ്ക്ക് അത്ര ബുദ്ധിമുട്ടാണെങ്കിൽ ഞാൻ പോകുമ്പോൾ കൊണ്ട് പൊയ്ക്കൊള്ളാം."

"ചെയ്യരുത്. ഇപ്പോഴത്തെ സ്ഥിതി വച്ച് നോക്കിയാൽ എയർപോർട്ടിലെ എക്സ്-റെ മഷീൻ ഈ പടം കണ്ടു പിടിക്കും. ഞാനും അച്ഛനും വന്നു നിന്നെ പോലീസിൽ നിന്നും വിടുവിക്കേണ്ടി വരും."

"എക്സ്-റെ മഷീൻ ഇതൊന്നും കണ്ടു പിടിക്കില്ല. മാത്രമല്ല, ഇത് ഉത്തർപ്രദേശ് അല്ല, തമിഴ് നാടാണ്. ഇവിടെയുള്ളവർക്ക് ജിന്ന ഒരു പ്രശ്നമല്ല.", ഞാൻ വിശദീകരിക്കാൻ ശ്രമിച്ചു.

"ഏതു ലോകത്താണ് നീ ജീവിക്കുന്നത്? എ ഐ എ ഡി എം കെയുടെ ജാതകം മുഴുവൻ അയാൾക്കറിയാം. അയാളുടെ കൈയ്യിലെ വെറും കളിമണ്ണാണ് എ ഐ എ ഡി എം കെ. ആരാണ് എന്നറിയാമല്ലോ..."

"ആ പേര് ഞാൻ പറയില്ല."

ആ പറഞ്ഞത് ദഹിക്കാൻ ഒരൽപം സമയം തന്നു അമ്മ തുടർന്നു.

"ആ ചിത്രം ഞാൻ ഖാഇദ്-ഇ-മില്ലെത്ത് ഹാളിനു കൊടുക്കും. അവിടെ ഒരു

ജിന്ന ചിത്രമില്ല.”

> “അതവിടെയില്ലെങ്കിൽ അതിൻറെ അർത്ഥം അവർക്കത് വേണ്ടാ എന്നാണമ്മേ. അത് കൊണ്ടാണ് അതവിടെ ഇല്ലാത്തത്. അല്ലാതെ ജിന്നയുടെ ഒരു ചിത്രം കിട്ടാനില്ലാത്തത് കൊണ്ടോ, അവർക്കത് ദാനം ചെയ്യാൻ സന്നദ്ധയായ ഒരാളെ കാണാത്തത് കൊണ്ടോ അല്ല.”

“അതെന്തെങ്കിലുമാവട്ടെ… ആ പടം എങ്ങനെയെങ്കിലും ഒഴിവാക്കണം.”

“ജിന്നയെ വിട്, നമുക്ക് കർണാടകത്തെക്കുറിച്ച് സംസാരിക്കാം, അവിടെ ആര് ജയിക്കും*?”

“അത് കൊണ്ടാണ് ഞാൻ പറയുന്നത്, നമുക്ക് ആ പടം എങ്ങനെയെങ്കിലും ഒഴിവാക്കണം എന്ന്.”

“അമ്മ എന്തൊക്കെയാണ് ഈ പറയുന്നത്. നിയമവ്യവസ്ഥകൾ നിലനിൽക്കുന്ന ഒരു രാജ്യം തന്നെയാണ് ഇപ്പോഴും ഇന്ത്യ.”

“അപ്പോൾ നീ കാവൽക്കാരെക്കുറിച്ചും സംരക്ഷകരെക്കുറിച്ചും ഇത് വരെ കേട്ടിട്ടില്ലേ?”

“അത് പശുക്കൾക്കല്ലേ അമ്മേ, പ്രായമായവരെ അവർ ഇത് വരെ ഉന്നം വച്ച് തുടങ്ങിയില്ലല്ലോ.”

“ആര് പറഞ്ഞു, അദ്വാനിയ്ക്ക് എന്ത് സംഭവിച്ചു എന്ന് നീ കണ്ടതല്ലേ.”

മെയ് 17 ന് ഇന്ത്യൻ എക്സ്പ്രസ്സിൽ എഴുതിയ ലേഖനം

Get Malayalam News and latest news update from India and around the world. Stay updated with today's latest Features news in Malayalam at Indian Expresss Malayalam.

ഏറ്റവും പുതിയ വാർത്തകൾക്കും വിശകലനങ്ങൾക്കും ഞങ്ങളെ ഫെയ്സ്ബുക്കിലും ട്വിറ്ററിലും ലൈക്ക് ചെയ്യൂ